**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

## പോലീസ് കോൺസ്റ്റബിൾ,ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5587 — 29/7/2015-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകൾ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) | എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് ആകെ 426 ഒഴിവുകളും, പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേയ്ക്ക് ആകെ 46 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; |
| (ബി) | ഈ തസ്തികളിലെ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് ; | (സി) & (ഡി) | നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ 150 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയുടെ റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നടത്തിയിട്ടുണ്ട്. |
| (ഡി) | ഈ തസ്തികകളിലെ റിപ്പോർട്ട് ചെയ്ത വേക്കൻസികളിലുള്ള നിയമനം എന്നത്തേയ്ക്ക് നടത്തുമെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | യൂണിഫോംഡ് ഫോഴ്സിലേയ്ക്ക് വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് 12/03/2015-ൽ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് 26/09/2015-ന് ഒ.എം.ആർ പരീക്ഷ നിശ്ചയിച്ചിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി.യിൽ നടപടികൾ പുരോഗമിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ശിപാർശ ചെയ്യുന്നത് അഭികാമ്യമല്ല. |

സെക്ഷൻ ഓഫീസർ